പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3013

20.06.2014- ലെ
മറുപടിക്ക്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക

| ചോദ്യം<br>ശ്രീമതി. കെ. എസ്. സലീഖ | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
|---|---|
| (എ) 2013-14 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്ര ; | (എ) 2013-14 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2643.20 കോടി രൂപ അനുവദിച്ചു. |
| (ബി) ആയതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; തുക ലാപ്സാകാനുള്ള കാരണം എന്തെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ആയതിൽ 31.03.2014 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് 1709.12 കോടി രൂപ (65%) ചെലവഴിച്ചു. ഓരോ വർഷവും ചെലവഴിക്കാത്ത തുക അടുത്ത വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി പുന:ക്രമീകരിച്ച് ലഭിക്കുന്നതിനാൽ തുക ലാപ്സാകുന്നില്ല.<br>മാനദണ്ഡങ്ങളിലെ നിബന്ധനകൾ കാരണം കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പല തടസ്സങ്ങളും നേരിടുന്നുണ്ട്. ഇത് സംസ്ഥാനത്തിന് അനുയോജ്യമായ വ്യവസ്ഥകളോടെ നടപ്പാക്കുന്നതിനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റിനോടും, ആസൂത്രണ കമ്മീഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ വരുന്ന തടസ്സങ്ങൾ നീക്കുന്നതിനും കേന്ദ്ര മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ച് കിട്ടുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. |
| (സി) ഓരോ വർഷം കഴിയുന്തോറും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുകയും പദ്ധതികളുടെ എണ്ണവും കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) ഓരോ വർഷം കഴിയുന്തോറും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണത്തിൽ കുറവ് കാണുന്നുവെങ്കിലും അനുവദിക്കപ്പെട്ട തുകയിൽ കുറവ് വരുന്നില്ല. |

ഡി) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2013-14 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; വിശദമാക്കുമോ ?

(ഡി)

(തുക കോടിയിൽ)

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക | | | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | ആകെ | |
| 1. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1277.41 | 15.43 | 1292.24 | 1303.31 |
| 2. | ഇന്ദിര ആവാസ് യോജന | 226.26 | 75.42 | 301.68 | 274.16 |
| 3. | പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന | - | - | 123.38 * | 121.16 |

* മുൻ വർഷത്തെ നീക്കിയിരിപ്പ് തുകയും മറ്റ് വരവുകളും.

ചെലവ് കഴിച്ചുള്ള തുക അടുത്ത സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പായി കണക്കാക്കുന്നതിനാൽ തുകയൊന്നും ലാപ്സാകുന്നില്ല.

Bijumon

സെക്ഷൻ ഓഫീസർ

80/